# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3728** — **17.12.2015-ൽ മറുപടിക്ക്**

### കാസർഗോഡ് എം.പി., പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കുടുംബയോഗം കഴിഞ്ഞ് മടങ്ങവേ കാസർഗോഡ് എം.പി. പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നം. 606/2015 u/s 143, 147, 341, 506(1) r/w 149 IPC ആയി രജിസ്റ്റർ ചെയ്ത കേസിൽ താഴെ പറയുന്നവരാണ് പ്രതികൾ. (1) ഇസ്മായിൽ, S/o. മുഹമ്മദ്, (2) അഹമ്മദ്, S/o. ഷേക്കായി (3) മുഹമ്മദ് ബഷീർ, S/o. ഈതീൻ കുഞ്ഞ്, (4) അബ്ദുൾ ലത്തീഫ്, S/o. ഇസ്മായിൽ, (5) അബ്ദുൾ കരീം, S/o. ഉമ്മർ. |
| (സി) പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) മേൽപ്പറഞ്ഞ പ്രതികളെയെല്ലാവരെയും അറസ്റ്റ് ചെയ്ത് കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു: കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) ഉണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗുമായി ബന്ധമുള്ളവരാണ് പ്രതികൾ. |

സെക്ഷൻ ഓഫീസർ